(ബി) അവയിലെല്ലാം കൂടി എത്ര ജീവനക്കാർ പണിയെടുക്കുന്നു;

(സി) പ്രസ്തുത എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെല്ലാം കൂടി നിലവിൽ എത്ര പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ഓരോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തിരിച്ചുള്ള വിശദാംശവും നൽകാമോ;

(ഡി) പ്രതിവർഷം എത്ര പേർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം അഡ്രസ് ചെയ്യപ്പെടുന്നുണ്ടെന്നും അവരിൽ എത്ര പേർക്ക് ജോലി ലഭിക്കുന്നുണ്ടെന്നും 2001-02, 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിലെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) 83 എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു.

(ബി) 978 ജീവനക്കാർ പണിയെടുക്കുന്നു.

(സി) 31-5-2005-ലെ കണക്കനുസരിച്ച് ആകെ 36,98,327 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) വിവരം ചുവടെ ചേർക്കുന്നു:

വർഷം	അഡ്രസ് ചെയ്യപ്പെട്ടവർ	ജോലി ലഭിച്ചവർ
2001-2002	1,79,547	13,239
2002-2003	1,69,086	12,599
2003-2004	1,75,122	9,331
2004-2005	1,97,099	9,797

കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർ

60 [2929] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരിൽ എസ്. എസ്. എൽ. സി.-ക്ക് താഴെ യോഗ്യതയുള്ളവർ, എസ്. എസ്. എൽ. സി. യോഗ്യതയുള്ളവർ, പി. ഡി. സി. യോഗ്യതയുള്ളവർ, ബിരുദധാരികൾ, ബിരുദാനന്തര ബിരുദധാരികൾ എന്നിവരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കുമോ;

(സി) എഞ്ചിനീയറിംഗ്, മെഡിസിൻ ബിരുദധാരികൾ എത്ര പേർ ഉണ്ട്;

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഇവിടെ നിന്നും സ്ഥിര-താൽക്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31.5.2005-ലെ കണക്കനുസരിച്ച് കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ 29093 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിവരം ചുവടെ ചേർത്തിരിക്കുന്നു:

എസ്. എസ്. എൽ. സി.ക്ക് താഴെ യോഗ്യതയുള്ളവർ	..	4892
എസ്. എസ്. എൽ. സി. യോഗ്യതയുള്ളവർ	..	17061
പി. ഡി. സി./ഹയർ സെക്കണ്ടറി യോഗ്യതയുള്ളവർ	..	4420
ബിരുദധാരികൾ	..	2617
ബിരുദാനന്തര ബിരുദധാരികൾ	..	103
(സി) എഞ്ചിനീയറിംഗ്	..	27
മെഡിസിൻ	..	1

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊടുങ്ങല്ലൂർ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമുഖേന 317 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇവരിൽ 46 പേർക്ക് സ്ഥിര നിയമനവും 250 പേർക്ക് താൽക്കാലിക നിയമനവും 21 പേർക്ക് പാർട്ട് ടൈം നിയമനവുമാണ് നൽകിയിട്ടുള്ളത്.

കാസർഗോഡ് ജില്ലയിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ

61 [2930] ശ്രീ. എം. കുഞ്ഞാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) തൊഴിലില്ലായ്മ വേതനം നൽകുന്നതിനുള്ള പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി/വർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രായപരിധിയിൽ ഇളവ് നൽകുന്നുണ്ടോ;

(ഡി) നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടും തൊഴിൽ ലഭിക്കാത്ത വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം തൊഴിൽ കിട്ടുന്നതുവരെ തൊഴിലില്ലായ്മാവേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7454 പേർ.

(ബി) കുറഞ്ഞ പ്രായപരിധി 21 വയസ്സും കൂടിയ പ്രായപരിധി 35 വയസ്സും ആണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly